ന്ത്രണവും നടത്തിപ്പും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അതിനാൽ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

137 (137) ഔഷധങ്ങളുടെ വില

ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവൻ രക്ഷാ ഔഷധങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സർക്കാർ എന്തെക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചില മരുന്നുകളുടെ വിലയിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചുള്ള ന്യായവില മെഡിക്കൽ സ്റ്റോറുകൾവഴി കഴിയുന്നത്ര വിലകുറച്ച് മരുന്നുകൾ വിൽക്കുന്നുണ്ട്. വിലനിയന്ത്രണം കേന്ദ്രസർക്കാരിന്റെ മാത്രം അധികാര പരിധിയിൽപ്പെടുന്ന കാര്യമായതിനാൽ വിലവർദ്ധനവ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഇൻസുലിൻ ഇൻജക്ഷന്റെ വില വർദ്ധനവ് പുനഃപരിശോധിക്കാൻ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് നിർദ്ദേശം നൽകുവാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

138 (138) ഔഷധങ്ങളുടെ കൃത്യത

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡിപ്പാർട്ട്മെന്റ് സ്ഥാപനങ്ങളിൽ ഔഷധങ്ങളുടെ കൃത്യത തിട്ടപ്പെടുത്തുന്നത് എന്ത് യോഗ്യതയുള്ളവരാണെന്ന് വ്യക്തമാക്കുമോ.

(ബി) ഇതിൽ അപാകതയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യത പരിശോധിക്കുന്നതിന് യോഗ്യതയുള്ള എത്രപേർ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ആവശ്യമായ ഔഷധങ്ങൾ പൊതുമേഖലാ സ്ഥാപനമായ ഔഷധിയിൽ നിന്നുമാണ് വാങ്ങുന്നത്. ആയതിനാൽ ഔഷധങ്ങളുടെ കൃത്യത തിട്ടപ്പെടുത്തുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയുർവേദ ഔഷ

LIBRARY ARCHIVES Kerala Legislative Assembly